# KERALA POLICE INFORMATION CENTRE

No.26/PR/PIC/PHQ/10 Date : 21/04/10

## തീരദേശപോലീസിലേക്ക് വിദഗ്ധരെ തിരഞ്ഞെടുക്കുന്നു

തീരസംരക്ഷണത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ച വിഴിഞ്ഞം (തിരുവനന്തപുരം), നീണ്ടകര (കൊല്ലം), തോട്ടപ്പള്ളി (ആലപ്പുഴ), ബേപ്പൂർ (കോഴിക്കോട്), ഫോർട്ട് കൊച്ചി (എറണാകുളം), അഴീക്കോട് (തൃശ്ശൂർ), അഴീക്കൽ (കണ്ണൂർ), ബേക്കൽ (കാസർഗോഡ്). തീരദേശ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ബോട്ട് ഡ്രൈവർ (ഇൻലാന്റ്), ബോട്ട് സ്രാങ്ക് (ഇൻലാന്റ്) ബോട്ട് ലാസ്കർ (ഇൻലാന്റ്) എന്നീ തസ്തികകളിലേക്ക് പോലീസ് വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഇൻഡ്യൻ നേവി/ കോസ്റ്റ് ഗാർഡ്/ബി.എസ്.എഫ്/ സി.ആർ.പി.എഫ് മുതലായവയോ തത്തുല്യമായ സേനാവിഭാഗങ്ങളിൽ നിന്നോ വിരമിച്ച നിശ്ചിത യോഗ്യതയും പ്രവർത്തി പരിചയവും ഉള്ളവർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിയെടുക്കാനുള്ള സമ്മതം സമർപ്പിക്കാവുന്നതാണ്.

**ഒഴിവുകളുടെ എണ്ണം**

| | ബോട്ട് ഡ്രൈവർ | ബോട്ട് സ്രാങ്ക് | ബോട്ട്ലാസ്കർ |
|---|---|---|---|
| തിരുവനന്തപുരം | 6 | 6 | 6 |
| കൊല്ലം | 6 | 6 | 6 |
| ആലപ്പുഴ | 6 | 6 | 6 |
| എറണാകുളം | 6 | 6 | 6 |
| കോഴിക്കോട് | 6 | 6 | 6 |
| തൃശ്ശൂർ | 6 | 6 | 6 |
| കണ്ണൂർ | 6 | 6 | 6 |
| കാസർഗോഡ് | 6 | 6 | 6 |

### I. ബോട്ട് ഡ്രൈവർ:

**യോഗ്യത** :
1. 7-ാം ക്ലാസ്സുവരെ പഠിച്ചിരിക്കണം.
2. തിരുവിതാംകൂർ, കൊച്ചി, മദ്രാസ് ജനറൽ റൂൾസ് അംഗീകരിച്ച ബോട്ട് ഡ്രൈവേഴ്സ് കോംപിറ്റൻസി സർട്ടിഫിക്കറ്റോ തത്തുല്യമായ യോഗ്യതാ സർട്ടിഫിക്കറ്റു കളോ നേടിയിരി ക്കണം.

**പ്രവർത്തിപരിചയം** : കുറഞ്ഞത് 3 വർഷം പുറംകടലിൽ ബോട്ട് ഡ്രൈവറായി പ്രവർത്തിച്ചിരിക്കണം.

The contents of this document may be deemed to be based on received information which is subject to further verification

**ശാരീരിക അളവുകൾ**

പൊക്കം : 5 അടി 4 ഇഞ്ച്

നെഞ്ചളവ് : 31- 32½ ഇഞ്ച്

കാഴ്ചശക്തി : കണ്ണട ഉപയോഗിക്കാതെ താഴെപ്പറയുന്ന നിശ്ചിത കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | **വലതുകണ്ണ്** | **ഇടതുകണ്ണ്** |
|---|---|---|
| ഡിസ്റ്റന്റ് | 6/6 വിഷൻ | 6/6 (സ്നെല്ലൻ) |
| നിയർ വിഷൻ | 0/5 | 0/5 (സ്നെല്ലൻ) |

ഓരോ കണ്ണിനും പൂർണ്ണ കാഴ്ചശക്തി ഉണ്ടായിരിക്കണം.കളർ ബ്ലൈൻഡ്നസ്, സ്കിന്റ്, മറ്റ് കണ്ണിലെ പ്രശ്നങ്ങൾ, കൺപോളകളിലെ പ്രശ്നങ്ങൾ എന്നിവ അയോഗ്യത യായിരിക്കും.

## II. ബോട്ട് സ്രാങ്ക്:

വിദ്യാഭ്യാസ യോഗ്യത : ഏഴാം ക്ലാസ്സ് വരെ പഠിച്ചിരിക്കണം.

സാങ്കേതിക യോഗ്യത : തിരുവിതാംകൂർ-കൊച്ചി അല്ലെങ്കിൽ മദ്രാസ് ജനറൽ റൂൾ പ്രകാരം നേടിയിട്ടുള്ള ബോട്ട് സ്രാങ്ക് കോംപിറ്റൻസി സർട്ടിഫിക്കറ്റോ തത്തുല്യമായ യോഗ്യതകളോ.

പ്രവർത്തി പരിചയം : ബോട്ട് സ്രാങ്ക് ആയി മൂന്നുവർഷത്തെ പ്രവർത്തി പരിചയം

**ശാരീരിക യോഗ്യത:**

പൊക്കം : 5 അടി 4 ഇഞ്ച്

നെഞ്ചളവ് : 31- 32½ ഇഞ്ച്

കാഴ്ചശക്തി : ബോട്ട് ഡ്രൈവർമാർക്ക് ആവശ്യമായ നിശ്ചിത കാഴ്ചശക്തി ഉണ്ടായിരിക്കണം.

## III. ബോട്ട് ലാസ്കർ

വിദ്യാഭ്യാസ യോഗ്യത : ഏഴാം ക്ലാസ്സ് വരെ പഠിച്ചിരിക്കണം.

**ശാരീരിക യോഗ്യത :**

പൊക്കം : 5 അടി 4 ഇഞ്ച്

നെഞ്ചളവ് : 31 ” ഉം 1.5 ” വിരിവും ഉണ്ടായിരിക്കണം.

കാഴ്ചശക്തി : ബോട്ട് സ്രാങ്കിന് നിശ്ചയിച്ചിട്ടുള്ള നിശ്ചിത കാഴ്ച ശക്തി ഉണ്ടായിരിക്കണം.

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 20 ദിവസത്തിനുള്ളിൽ തീരദേശ പോലീസ് സ്റ്റേഷനുകളിൽ ജോലിനോക്കാൻ താൽപര്യമുണ്ടെങ്കിൽ തങ്ങളുടെ അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ട്/പോലീസ് കമ്മീഷണർ എന്നിവർക്ക് സമർപ്പിക്കേണ്ടതാണ്. ഇതിലേയ്ക്ക് മറ്റേതെങ്കിലും ഓഫീസുകളിലേയ്ക്ക് നേരത്തെ അപേഷിച്ചവർ തങ്ങളുടെ ജില്ലയിലെ പോലീസ് സൂപ്രണ്ട്/പോലീസ് കമ്മീഷണർക്ക് വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്.